ഖണ്ഡം 2

10. ഖണ്ഡം 2(എ)-ൽ "ഒരു" എന്ന വാക്കിനുശേഷം "പോഷക അല്ലെങ്കിൽ പോഷകേതര" എന്നു ചേർക്കുക.

11. ഖണ്ഡം 2(ബി)-ൽ "തീറ്റവസ്തുക്കൾ," എന്ന് വരുന്നിടത്തെല്ലാം അത് ഒഴിവാക്കുക.

12. ഖണ്ഡം 2(ബി)-ൽ "കോഴിത്തീറ്റ" എന്ന് വരുന്നിടത്തെല്ലാം "കോഴിവർഗ്ഗത്തീറ്റ" എന്നു ചേർക്കുക.

13. ഖണ്ഡം 2(ബി)(i)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം "റെഗുലേഷൻ പ്രകാരം നിശ്ചയിച്ച "എന്നു ചേർക്കുക.

14. ഖണ്ഡം 2(സി)-ൽ "തീറ്റവസ്തുക്കൾ" എന്നത് ഒഴിവാക്കുക.

15. ഖണ്ഡം 2(സി)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ"എന്നു ചേർക്കുക.

16. ഖണ്ഡം 2(സി)-ൽ "വിപണനം" എന്നതിന് പകരം "വിൽപന"എന്നു ചേർക്കുക.

17. ഖണ്ഡം 2(ഇ)-ൽ "അവയുടെ"എന്ന വാക്കിന് ശേഷം "പ്രായം," എന്ന വാക്കും ചിഹ്നവും ചേർക്കുക.

18. ഖണ്ഡം 2(ഇ)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം "റെഗുലേഷൻ പ്രകാരം നിശ്ചയിച്ച "എന്നു ചേർക്കുക.

19. ഖണ്ഡം 2(ഇ)-ൽ ",പൊടിച്ചതോ ഉരുളയാക്കിയതോ തരിയാക്കിയതോ മിശ്രിതമാക്കിയതോ ആയ" എന്ന വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

20. ഖണ്ഡം 2(എഫ്)-ൽ "അറുപത് ശതമാനത്തിൽ കൂടുതൽ സമ്പൂർണ്ണ ദഹ്യപോഷകങ്ങളും (ടോട്ടൽ ഡൈജസ്റ്റിബിൾ ന്യൂട്രിയന്റ്സ്) " എന്നത് ഒഴിവാക്കുക.

21. ഖണ്ഡം 2(എഫ്)-ൽ "അസംസ്കൃതനാരംശവും" എന്നതിന് പകരം "അസംസ്കൃതനാരംശം" എന്നു ചേർക്കുക.

22. ഖണ്ഡം 2(ജി)-ൽ "വസ്തു" എന്നതിന് പകരം "വസ്തുവും" എന്നു ചേർക്കുക.

23. ഖണ്ഡം 2(എച്ച്)-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

24. ഖണ്ഡം 2(എച്ച്)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്നു ചേർക്കുക.

42. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(വൈ) താഴെപ്പറയും പ്രകാരം മാറ്റുക.

"(വൈ)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു; "

43. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(വൈ)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഇസഡ്) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിന്റെ 38-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾ എന്നർത്ഥമാകുന്നു; "

44. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(എഎ)-ൽ "അറുപത് ശതമാനത്തിൽ താഴെ സമ്പൂർണ ദഹ്യപോഷകങ്ങളും (ടോട്ടൽ ഡൈജസ്റ്റിബിൾ ന്യൂട്രിയന്റ്സ്)" എന്ന വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

45. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(എഎ)-ൽ "നാരംശവും" എന്നതിന് പകരം"നാരംശം" എന്നു ചേർക്കുക.

46. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(എഎ)-ൽ "ഉയർന്ന പോഷകസാന്ദ്രത ഉള്ള " എന്നത് ഒഴിവാക്കുക.

47. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(എ ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(എ ബി) "വിൽപന" എന്നാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട് പണമടച്ചതിനോ ഭാഗികമായി പണം അടച്ചതിനോ വാഗ്ദാനം ചെയ്തതിനോ ഭാഗികമായി വാഗ്ദാനം ചെയ്തതിനോ പകരമായുള്ള, വാക്കാലുള്ളതോ അല്ലെങ്കിൽ രേഖാമൂലമുള്ളതോ ആയ ഉടമസ്ഥാവകാശകൈമാറ്റം എന്നർത്ഥമാകുന്നു; "

48. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(എ ഡി)-ൽ "നിർണ്ണയിക്കപ്പെട്ട" എന്നതിന് പകരം "റെഗുലേഷൻ പ്രകാരം നിശ്ചയിച്ച" എന്നു ചേർക്കുക.

49. പുനരക്ഷരം ചെയ്യപ്പെട്ട ഖണ്ഡം 2(എഡി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

59. ഖണ്ഡം 3(1)(ii)(എ)(ii) താഴെപ്പറയും പ്രകാരം മാറ്റുക.

"(ii) കന്നുകാലികളുടെയും കോഴിവർഗ്ഗത്തിന്റെയും ഉപഭോഗത്തിന് റെഗുലേഷൻ പ്രകാരം നിശ്ചയിച്ച സുരക്ഷിതമായ പിണ്ണാക്കുകൾ, ഓയിൽ മീൽ, പയറുവർഗ്ഗങ്ങൾ പോലുള്ള സസ്യജന്യ-മാംസ്യസ്രോതസ്സുകൾ, മാംസ്യ സംപുഷ്ടമായ കാർഷിക-വ്യാവസായിക ഉപോൽപ്പന്നങ്ങൾ ;"

60. ഖണ്ഡം 3(1)(ii)(എ)(iii)-ൽ "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള" എന്നതിന് പകരം "റെഗുലേഷൻ പ്രകാരം നിശ്ചയിച്ച " എന്നു ചേർക്കുക.

61. ഖണ്ഡം 3(1)(ii)(എ)(iv)-ൽ "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള" എന്നതിന് പകരം "റെഗുലേഷൻ പ്രകാരം നിശ്ചയിച്ച "എന്നു ചേർക്കുക.

62. ഖണ്ഡം 3(1)(ii)(ബി)-ൽ " / " എന്ന ചിഹ്നത്തിന് പകരം "അല്ലെങ്കിൽ" എന്നു ചേർക്കുക.

63. ഖണ്ഡം 3(2)-ൽ " ഉൽപാദിപ്പിക്കുന്നതിൽ " എന്നതിന് പകരം "നിർമ്മിക്കുന്നതിൽ" എന്നു ചേർക്കുക

64. ഖണ്ഡം 3(2)-ൽ " അരിയുടെ " എന്നതിന് പകരം "നെല്ലിന്റെ" എന്നു ചേർക്കുക.

65. ഖണ്ഡം 3(2)-ൽ " ഉമി/പിശട് " എന്നതിന് പകരം "ഉമിയോ പിശടോ" എന്നും" "ജട്രോഫ കേക്ക്/പിശട് " എന്നതിന് പകരം " കടലാവണക്ക് കേക്കോ പിശടോ " എന്നും ചേർക്കുക.

66. ഖണ്ഡം 3(2)-ൽ " ജന്തുജന്യ " എന്നതിന് മുൻപ് "അനുവദനീയമല്ലാത്ത" എന്നു ചേർക്കുക.

67. ഖണ്ഡം 3(3)-ൽ "എന്നിരുന്നാലും പ്രായപൂർത്തിയായ കന്നുകാലികൾക്കുള്ള" എന്നതിനു പകരം " എന്നാൽ മുതിർന്ന അയവെട്ടുന്ന മൃഗങ്ങൾക്കു നൽകുന്ന " എന്നു ചേർക്കുക.

68. ഖണ്ഡം 3(4)-ൽ " അധികതീറ്റവസ്തു അല്ലെങ്കിൽ " എന്നത് ഒഴിവാക്കുക.

<u>ഖണ്ഡം 4</u>

69. ഖണ്ഡം 4-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

"<u>ധാതുലവണമിശ്രിതത്തിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ ചേരുവകൾ</u> "

109. ഖണ്ഡം 10(ii)(എ)-ൽ "ഒരു ഉദ്യോഗസ്ഥനെ" എന്നതിന് പകരം "ജില്ലാതല ഉദ്യോഗസ്ഥരെ " എന്ന ചേർക്കുകയും ചെയ്യുക.

110. ഖണ്ഡം 10(ii)(ബി)-ൽ "ഓഫീസർക്ക്" എന്നതിന് പകരം "ഓഫീസറോ " എന്ന ചേർക്കുക.

111. ഖണ്ഡം 10(ii)(ബി)-ൽ "അല്ലെങ്കിൽ അയാളുടെ" എന്നത് ഒഴിവാക്കുക.

112. ഖണ്ഡം 10(ii)(ബി)-ൽ "ഉദ്യോഗസ്ഥന് " എന്നതിന് പകരം "ഉദ്യോഗസ്ഥനോ " എന്ന് ചേർക്കുക.

113. ഖണ്ഡം 10(ii)(ബി)-ൽ "നിർണ്ണയിക്കപ്പെടുന്ന" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട" എന്നും "ചെയ്യാവുന്നതാണ് " എന്നതിന് പകരം "ചെയ്യേണ്ടതാണ് " എന്നും ചേർക്കുക.

114. ഖണ്ഡം 10(iii)(എ)-യുടെ ആരംഭത്തിൽ വരുന്ന "സർക്കാർ," എന്നത് "ഔദ്യോഗിക " എന്ന വാക്കിന് മുൻപായി ചേർക്കുക.

115. ഖണ്ഡം 10(iii)(എ)-ൽ ഒരു ഉദ്യോഗസ്ഥനെയോ" എന്ന് വരുന്നിടത്തെല്ലാം പകരം "ഉദ്യോഗസ്ഥരെ " എന്ന ചേർക്കുക.

116. ഖണ്ഡം 10(iii)(ബി)-ൽ "ഓഫീസർക്ക്" എന്നതിന് പകരം "ഓഫീസറോ " എന്ന ചേർക്കുക.

117. ഖണ്ഡം 10(iii)(ബി)-ൽ "അല്ലെങ്കിൽ അയാളുടെ" എന്നത് ഒഴിവാക്കുക.

118. ഖണ്ഡം 10(iii)(ബി)-ൽ "ഉദ്യോഗസ്ഥന് " എന്നതിന് പകരം "ഉദ്യോഗസ്ഥനോ " എന്നും "ചെയ്യാവുന്നതാണ് " എന്നതിന് പകരം "ചെയ്യേണ്ടതാണ് " എന്നും ചേർക്കുക.

119. ഖണ്ഡം 10(iii)(സി) താഴെപ്പറയും പ്രകാരം മാറ്റുക.

“(സി) ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ലൈസൻസിംഗ് അതോറിറ്റിയുടെയും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെയും ഭരണനിയന്ത്രണത്തിലായിരിക്കും ”

120. ഖണ്ഡം 10(iii)(ഡി)-ൽ "നിർവ്വഹിക്കേണ്ടതും" എന്നതിന് പകരം "വിനിയോഗിക്കേണ്ടതും " എന്ന ചേർക്കുക.

125. ഖണ്ഡം 11(5) താഴെപ്പറയും പ്രകാരം മാറ്റുക.

"(5) ലൈസൻസിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ആൾക്കോ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള യാതൊരുത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു. "

ഖണ്ഡം 12

126. ഖണ്ഡം 12(1)-ൽ "തീറ്റവസ്തുക്കൾ, " എന്നത് ഒഴിവാക്കുക.

127. ഖണ്ഡം 12(1)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്നു ചേർക്കുക.

128. ഖണ്ഡം 12(1)-ൽ "നിർമ്മാണം/ഉൽപാദനം" എന്നതിന് പകരം "നിർമ്മാണം അല്ലെങ്കിൽ ഉൽപാദനം" എന്നു ചേർക്കുക.

129. ഖണ്ഡം 12(2)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ," എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ," എന്നു ചേർക്കുക.

130. ഖണ്ഡം 12(4) ഒഴിവാക്കുക.

ഖണ്ഡം 13

131. ഖണ്ഡം 13(1)-ൽ "തീറ്റവസ്തുക്കൾ," എന്നത് ഒഴിവാക്കുക.

132. ഖണ്ഡം 13(1)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ," എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ, " എന്ന് ചേർക്കുക.

133. ഖണ്ഡം 13(1)-ൽ "നിർമ്മാണം/ഉൽപാദനം" എന്നതിന് പകരം "നിർമ്മാണം," എന്ന് ചേർക്കുക.

134. ഖണ്ഡം 13(1)(ii)-ൽ "എന്ന് പൊതുവായി പരിശോധിക്കുക" എന്നതിന് പകരം "എന്ന പൊതുവായ പരിശോധന" എന്ന് ചേർക്കുക.

135. ഖണ്ഡം 13(1)(ii)-ൽ "തീറ്റവസ്തുക്കൾ," എന്നത് ഒഴിവാക്കുക.

136. ഖണ്ഡം 13(1)(ii)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ," എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ, " എന്ന് ചേർക്കുക.

137. ഖണ്ഡം 13(3)-ൽ "പരാതി ലഭിച്ച് " എന്നത് ഒഴിവാക്കുക.

138. ഖണ്ഡം 13(3)-ൽ "മൂന്ന് ദിവസത്തിനകം"എന്നതിന് പകരം "ഇരുപത്തിനാല് മണിക്കൂറിനകം "എന്ന് ചേർക്കുക.

139. ഖണ്ഡം 13(3)-ൽ "തീറ്റവസ്തു,"എന്നത് ഒഴിവാക്കുക.

140. ഖണ്ഡം 13(3)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ," എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ," എന്ന് ചേർക്കുക.

141. ഖണ്ഡം 13(3)-ൽ "നിന്നും/കർഷകനിൽ നിന്നും" എന്നതിന് പകരം "നിന്നും അല്ലെങ്കിൽ കർഷകനിൽ നിന്നും അല്ലെങ്കിൽ "എന്ന് ചേർക്കുക

142. ഖണ്ഡം 13(3)-ൽ "നിന്നും, കൂടാതെ ബന്ധപ്പെട്ട ഫീഡ് മില്ലിൽ" എന്നത് ഒഴിവാക്കുക.

143. ഖണ്ഡം 13(4)-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

144. ഖണ്ഡം 13(4)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ," എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ," എന്ന് ചേർക്കുക.

145. ഖണ്ഡം 13(4)-ൽ "മുറപ്രകാരമുള്ള സമുചിത അധികാരിക്ക്" എന്നതിന് പകരം "ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് " എന്ന ചേർക്കുക.

146. ഖണ്ഡം 13(5)-ൽ "ഉൽപാദന" എന്നതിന് പകരം "നിർമ്മാണ " എന്ന് ചേർക്കുക.

147. ഖണ്ഡം 13(5)-ൽ "വിതരണക്കാരൻ/സ്റ്റോക്കിസ്റ്റ്/ഡീലർ/പരിവഹനം ചെയ്യുന്ന ആൾ" എന്നതിന് പകരം "വിതരണക്കാരൻ അല്ലെങ്കിൽ സ്റ്റോക്കിസ്റ്റ് അല്ലെങ്കിൽ ഡീലർ" എന്ന ചേർക്കുക.

148. ഖണ്ഡം 13(6)-ൽ "തീറ്റവസ്തു," എന്ന് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

149. ഖണ്ഡം 13(6)-ൽ "കോഴിത്തീറ്റ" എന്ന് വരുന്നിടത്തെല്ലാം പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

150. ഖണ്ഡം 13(6)-ൽ "അംഗീകൃത" എന്നതിന് ശേഷം "പ്രാഥമിക പരിശോധനാ" എന്ന് ചേർക്കുക.

151. ഖണ്ഡം 13(7)-ൽ "പെട്ടെന്ന് തന്നെ" എന്നതിന് ശേഷം " , " എന്ന ചിഹ്നം ചേർക്കുക.

152. ഖണ്ഡം 13(7)-ൽ "16-ാം " എന്നതിന് പകരം "17-ാം " എന്ന് ചേർക്കുക.

153. ഖണ്ഡം 13(7)-ൽ "മാസത്തിൽ കൂടാതെ" എന്നതിന് പകരം "മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

154. ഖണ്ഡം 13(7)-ൽ "അതത് സംഗതിപോലെ," എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

155. ഖണ്ഡം 13(7)-ൽ "ലൈസൻസിംഗ് അതോറിറ്റിയുടെയോ" എന്നതിന് പകരം "ലൈസൻസിംഗ് അതോറിറ്റിയുടെ" എന്ന് ചേർക്കുക.

156. ഖണ്ഡം 13(7)-ൽ "അതോറിറ്റിയുടേയോ കോടതിയുടേയോ" എന്നതിന് പകരം "അതോറിറ്റിയുടെ" എന്ന് ചേർക്കുക.

157. ഖണ്ഡം 13(7)-ൽ "വിൽക്കുന്നതിന്/ " എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

158. ഖണ്ഡം 13(7)-ൽ "വിൽക്കാവുന്നതും/ " എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

159. ഖണ്ഡം 13(7)-ൽ "വിൽപനയിൽ നിന്ന് ലഭിക്കുന്ന വിൽപന വരുമാനം" എന്നതിന് പകരം "അത്തരത്തിൽ ലഭിക്കുന്ന തുക" എന്നു ചേർക്കുക.

160. ഖണ്ഡം 13(7)-ൽ "ഏറ്റവും അടുത്തുള്ള " എന്നത് ഒഴിവാക്കുക.

161. ഖണ്ഡം 13(7)-ൽ "ട്രഷറിയിൽ" എന്നതിന് ശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ " എന്നു ചേർക്കുക.

162. ഖണ്ഡം 13(7)-ൽ "വിൽപന/ " എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

163. ഖണ്ഡം 13(7)-ൽ "അതോറിറ്റിക്കോ കോടതിക്കോ" എന്നതിന് പകരം " അതോറിറ്റിക്ക് " എന്ന് ചേർക്കുക.

164. ഖണ്ഡം 13(7)-ൽ "/കോടതി " എന്നത് ഒഴിവാക്കുക.

165. ഖണ്ഡം 13(8)-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

166. ഖണ്ഡം 13(8)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ," എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ," എന്ന് ചേർക്കുക.

167. ഖണ്ഡം 13(9)-ന്റെ ആരംഭത്തിൽ "പ്രാഥമിക" എന്ന് ചേർക്കുക.

168. ഖണ്ഡം 13(9)-ൽ ", ഈ ആക്റ്റിൻകീഴിലുള്ള" എന്നത് ഒഴിവാക്കുക.

## ഖണ്ഡം 14

169. ഖണ്ഡം 14-ൽ "തീറ്റവസ്തുക്കൾ," എന്നത് ഒഴിവാക്കുക.

170. ഖണ്ഡം 14-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

171. ഖണ്ഡം 14-ൽ "പരിശോധനാ ലബോറട്ടറി ആയി അംഗീകരിക്കാവുന്നതാണ് " എന്നതിന് പകരം "പ്രാഥമിക പരിശോധനാലബോറട്ടറി ആയും റഫറൽ ലബോറട്ടറി ആയും നിശ്ചയിക്കാവുന്നതാണ് "എന്ന് ചേർക്കുക.

ഖണ്ഡം 15

172. ഖണ്ഡം 15(1) താഴെപ്പറയും പ്രകാരം മാറ്റുക.

"(1) പരിശോധന നടത്തുന്നതിനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് ബന്ധപ്പെട്ട ആളിന് രേഖാമൂലം അറിയിപ്പ് നൽകിയ ശേഷം ഒരു ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, നിർമ്മിക്കപ്പെട്ടതോ സംഭരിക്കപ്പെട്ടതോ പരിവഹനം ചെയ്തതോ വിറ്റതോ വിൽപ്പനയ്ക്കായി വാഗ്ദത്തം നൽകിയതോ, ഫീഡ് മില്ലിൽ സൂക്ഷിച്ചിരിക്കുന്നതോ കൊണ്ടുപോകുന്നതോ അല്ലെങ്കിൽ അംഗീകൃത ഏജന്റ് അല്ലെങ്കിൽ ഡീലർ കൈവശം വച്ചിരിക്കുന്നതോ ആയ ഏതൊരു കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ പരിശോധനയുടെ ആവശ്യത്തിലേയ്ക്കായി ഏതു സമയത്തും നിർണ്ണയിക്കപ്പെട്ട രീതിയിൽ ശേഖരിക്കാവുന്നതാണ്."

173. ഖണ്ഡം 15(2)-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

174. ഖണ്ഡം 15(2)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

175. ഖണ്ഡം 15(2)-ൽ "നാല്" എന്നതിന് പകരം "അഞ്ച് "എന്നു ചേർക്കുക.

176. ഖണ്ഡം 15(2)-ൽ "ഒപ്പ്/വിരലടയാളം" എന്നതിന് പകരം "സാക്ഷികളുടെയും ഒപ്പ് അല്ലെങ്കിൽ വിരലടയാളം " എന്നു ചേർക്കുക.

177. ഖണ്ഡം 15(3)-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

178. ഖണ്ഡം 15(3)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ," എന്ന് ചേർക്കുക.

179. ഖണ്ഡം 15(4)-ൽ "തീറ്റ വസ്തുവോ" എന്നത് ഒഴിവാക്കുക.

180. ഖണ്ഡം 15(4)-ൽ "കോഴിത്തീറ്റയോ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റയോ" എന്ന് ചേർക്കുക.

181. ഖണ്ഡം 15(4)-ൽ "ഉൽപാദിപ്പിക്കുന്നതോ" എന്നതിന് പകരം "നിർമ്മിക്കുന്നതോ" എന്ന് ചേർക്കുക.

182. ഖണ്ഡം 15(4)-ൽ "തീറ്റവസ്തു," എന്ന് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

183. ഖണ്ഡം 15(4)-ൽ "കോഴിത്തീറ്റ" എന്ന് വരുന്നിടത്തെല്ലാം പകരം "കോഴിവർഗ്ഗത്തീറ്റ"എന്ന് ചേർക്കുക.

184. ഖണ്ഡം 15(4)-ൽ "കോഴിത്തീറ്റ കൂടാതെ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ" എന്ന് ചേർക്കുക.

185. ഖണ്ഡം 15(5)-ൽ "ഏജന്റ്/ഡീലർ/" എന്ന് വരുന്നിടത്തെല്ലാം "ഏജന്റ് അല്ലെങ്കിൽ ഡീലർ അല്ലെങ്കിൽ " എന്ന് ചേർക്കുക.

186. ഖണ്ഡം 15(6)-ൽ "നിന്നോ/അംഗീകൃത ഏജന്റിൽ നിന്നോ/ഡീലറിൽ " എന്നതിന് പകരം "നിന്നോ അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നോ അല്ലെങ്കിൽ ഡീലറിൽ" എന്ന് ചേർക്കുക.

187. ഖണ്ഡം 15(6)-ൽ "തീറ്റവസ്തു," എന്ന് വരുന്നിടത്തെല്ലാം ഒഴിവാക്കുക.

188. ഖണ്ഡം 15(6)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ" എന്ന് വരുന്നിടത്തെല്ലാം പകരം "കോഴിവർഗ്ഗത്തീറ്റ, " എന്ന് ചേർക്കുക.

189. ഖണ്ഡം15(6)-ൽ "സർക്കാർ, വിവിധ പരിശോധനകൾക്ക് " എന്നതിന് പകരം "സർക്കാർ "എന്ന് ചേർക്കുക.

190. ഖണ്ഡം 15(6)-ൽ "അപേക്ഷ നൽകുന്ന ആൾ" എന്നതിന് പകരം "അപേക്ഷകൻ " എന്ന് ചേർക്കുക.

## ഖണ്ഡം 16

191. ഖണ്ഡം 16(സി)-ൽ "ഫീഡ് ടെസ്റ്റിംഗ് " എന്നതിന് പകരം "പ്രാഥമിക പരിശോധനാ" എന്ന് ചേർക്കുക.

192. ഖണ്ഡം 16(സി)-യ്ക്ക് ശേഷം ഇനം (ഡി) ആയി താഴെപ്പറയുന്നത് ചേർക്കുക.

"(ഡി) സാമ്പിൾ പരിശോധിക്കുന്നതിനുള്ള ചെലവ് സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിന് അനുസൃതമായി പരിശോധനാ ലബോറട്ടറികൾക്ക് നിർണയിക്കപ്പെട്ട പ്രകാരം നൽകേണ്ടതും പരിശോധനയുടെ ഫലമായി അത്തരം സാമ്പിൾ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയാൽ പരിശോധനയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവുകൾ കാരണക്കാരായ വ്യക്തി അല്ലെങ്കിൽ വ്യക്തികളിൽ നിന്നും വസൂലാക്കേണ്ടതുമാണ്."

## ഖണ്ഡം 17

193. ഖണ്ഡം 17(1)-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

194. ഖണ്ഡം 17(1)-ൽ "കോഴിത്തീറ്റ അല്ലെങ്കിൽ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ, " എന്ന് ചേർക്കുക.

195. ഖണ്ഡം 17(1)-ൽ "ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറി ഇത് " എന്നതിന് പകരം "പ്രാഥമിക പരിശോധനാ ലബോറട്ടറിയിൽ "എന്ന് ചേർക്കുക.

196. ഖണ്ഡം 17(1)-ൽ "റിപ്പോർട്ട് " എന്ന വാക്കിന് ശേഷം "കഴിയുന്നത്ര വേഗം, പരമാവധി ഇരുപത്തിയൊന്ന് ദിവസം അധികരിക്കാത്ത സമയത്തിനുള്ളിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് കൈമാറുകയോ അയയ്ക്കുകയോ ചെയ്യേണ്ടതുമാണ് " എന്ന് ചേർക്കുക.

197. ഖണ്ഡം 17(2) ഒഴിവാക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

198. പുനരക്കം ചെയ്ത ഖണ്ഡം 17(2)-ൽ "യാതൊരാളും" എന്നതിന് ശേഷം "പരിശോധനാ" എന്നത് ചേർക്കുക.

199. പുനരക്കം ചെയ്ത ഖണ്ഡം 17(2)-ൽ "പകർപ്പ് " എന്നതിന് പകരം "പകർപ്പുകൾ" എന്ന് ചേർക്കുക.

## ഖണ്ഡം 18

200. ഖണ്ഡം 18-ൽ "തീറ്റവസ്തു," എന്നത് ഒഴിവാക്കുക.

201. ഖണ്ഡം 18-ൽ "കോഴിത്തീറ്റ" എന്ന് വരുന്നിടത്തെല്ലാം പകരം "കോഴിവർഗ്ഗത്തീറ്റ"എന്ന് ചേർക്കുക.

202. ഖണ്ഡം 18-ൽ "വിപണനമോ" എന്നത് ഒഴിവാക്കുക.

203. ഖണ്ഡം 18-ൽ "കണ്ടുപിടിച്ചാൽ" എന്നതിന് പകരം "കണ്ടെത്തിയാൽ"എന്ന് ചേർക്കുക

204. ഖണ്ഡം 18-ൽ "തീറ്റവസ്തുക്കൾ," എന്നത് ഒഴിവാക്കുക.

205. ഖണ്ഡം 18-ൽ "നിന്നോ " എന്നു വരുന്നിടത്തെല്ലാം "നിന്ന് "എന്ന് ചേർക്കുക.

## ഖണ്ഡം 19

206. ഖണ്ഡം 19-ന്റെ മാർജിനൽ ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക.

" ലൈസൻസിംഗ് അതോറിറ്റിയുടെ അന്വേഷണ നടപടിക്രമം "

207. ഖണ്ഡം 19(1)-ൽ "ആ സംഗതിയിൽ " എന്നതിന് പകരം "അത്തരം സംഗതിയിൽ " എന്ന് ചേർക്കുക.

208. ഖണ്ഡം 19(2)-ൽ "ന്യായനിർണ്ണയം" എന്നതിന് പകരം "അന്വേഷണം" എന്ന് ചേർക്കുക.

## ഖണ്ഡം 20

209. ഖണ്ഡം 20(1)-ൽ "കണ്ടെത്തിയാൽ" എന്നതിന് ശേഷം " നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള കുറ്റത്തിന്റെ സ്വഭാവം അല്ലെങ്കിൽ തരംതിരിക്കൽ അടിസ്ഥാനമാക്കി" എന്ന് ചേർക്കുക.

244. ഖണ്ഡം 26(3) താഴെപ്പറയും പ്രകാരം മാറ്റുക.

" (3) സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് അർഹമായ ബത്തകൾ, സിറ്റിംഗ് ഫീസ്, ക്വാറം, യോഗങ്ങളുടെ എണ്ണം, ഭൂരിപക്ഷം, യോഗസ്ഥലം, യോഗം വിളിച്ചു ചേർക്കൽ എന്നിവ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്. "

## ഖണ്ഡം 27

245. ഖണ്ഡം 27-ൽ "കമ്മിറ്റിക്ക് " എന്നതിന് ശേഷം "22-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾക്കു പുറമേ " എന്ന് ചേർക്കുക.

246. ഖണ്ഡം 27(ബി)-ൽ "തീറ്റ വ്യവസായമേഖലയിൽ" എന്നതിന് പകരം "തീറ്റനിർമ്മാണ വ്യവസായമേഖലയിൽ" എന്ന് ചേർക്കുക.

247. ഖണ്ഡം 27(സി)-ൽ "കോഴിത്തീറ്റ" എന്നതിന് പകരം "കോഴിവർഗ്ഗത്തീറ്റ"എന്ന് ചേർക്കുക.

248. ഖണ്ഡം 27(സി)-ൽ "കൂടാതെ" എന്നത് ഒഴിവാക്കുക.

249. ഖണ്ഡം 27(ഡി)-ക്ക് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക.

"(ഇ) കേസുകൾ കോടതിയിൽ വിചാരണ ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ ശിപാർശകൾ നൽകുക; കൂടാതെ

(എഫ്) സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിച്ചു നൽകുന്ന മറ്റു അധികാരങ്ങൾ."

## ഖണ്ഡം 28

250. ഖണ്ഡം 27-ന് ശേഷം ഖണ്ഡം 28 ആയി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക.

"28. ഒഴിവാക്കൽ.— ഈ ആക്റ്റിലെ യാതൊന്നും,—

(എ) കന്നുകാലികളെയോ കോഴിവർഗ്ഗത്തെയോ വളർത്തുന്ന കർഷകർക്കോ അല്ലെങ്കിൽ കാർഷികവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കോ അവർ സ്വന്തമായി വളർത്തുന്ന കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ നൽകുന്നതിന് വേണ്ടിയുള്ള തീറ്റകൾ സ്വന്തമായി ഉത്പാദിപ്പിക്കുന്നതിനോ നിർമ്മിക്കുന്നതിനോ തയ്യാറാക്കുന്നതിനോ ;

